Monthly Newsletter of
THE INDIAN PENTECOSTAL CHURCH OF GOD - BAHRAIN

IPC VOICE

✦ Glorious service in Bahrain since 1956 ✦ Issue No. 87 - December 2024

# ജോൺ വില്ല്യംസ് - പോളിനേഷ്യയുടെ അപ്പൊസ്തലൻ



Pastor V.P. Philip

John Williams (27 June 1796 – 20 November 1839) served with the London Missionary Society in the South Pacific. In order to expand his work to the Samoa and the Society Islands he build a missionary Ship – The Messenger of Peace – at Rarotonga.

പസഫിക്ക് ദ്വീപിൽ പ്രവർത്തിച്ച വിശാല ദർശനമുള്ള മിഷനറി വീരനായിരുന്ന ജോൺ വില്ല്യംസ്. ''പൊളിനേഷ്യയുടെ അപ്പൊസ്തലൻ'', ''അപ്പൊസ്റ്റൽ ഓഫ് ദി സൗത്ത് സീസ്'' എന്നീ വിശേഷണങ്ങളിൽ അദ്ദേഹം അറിയപ്പെടുന്നു.



1796–ൽ ഇംഗ്ലണ്ടിൽ ജനിച്ച ജോൺ വില്ല്യംസ് വിദ്യാഭ്യാസകാലത്ത് റൗഡികളുടെകൂടെ ഉഴപ്പനായി നടന്നിരുന്നു. 1814 ജനുവരിയിലെ ഒരു രാത്രി അദ്ദേഹത്തിന്റെ ജീവിതത്തിലെ മാനസാന്തരത്തിന്റെ രാത്രിയായി തീർന്നു. ഓൾഡ് വൈറ്റ്ഫീൽഡിലെ സഭയിൽ സണ്ടേസ്കൂൾ പഠിപ്പിക്കുന്നതിനും സുവിശേഷ പ്രതികളുടെ വിതരണത്തിലും രോഗികളെ സന്ദർശിക്കുന്നതിലും തുടർന്ന് താല്പര്യം കാണിച്ചു.

1817–ലാണ് ലണ്ടൻ മിഷനറി സൊസൈറ്റിയുടെ മിഷനറിയായി വില്ല്യംസും ഭാര്യ മേരി ഷോണറും സൗത്ത് പസഫിക്കൽ എത്തുന്നത്. പോളിനേഷ്യയിലെ ദൈവത്തിന്റെ ഭവനമെന്ന് കരുതപ്പെടുന്ന റെയ്റ്റിയായിൽ അദ്ദേഹം പതിമൂന്ന് വർഷം താമസിച്ച് പ്രവർത്തിച്ചു. നരബലിയും ശിശുബലിയും ആചാരങ്ങളായിരുന്ന ഇവിടെ മിഷനറിമാർക്ക് ഏറെ പ്രതിസന്ധികൾ നേരിടേണ്ടി വന്നു. വില്ല്യംസിന്റെ ഭാഷയിൽ ''പുരുഷന്മാരും സ്ത്രീകളും കുട്ടികളും പൂർണ്ണനഗ്നരായിരുന്നു. യാതൊരു ലജ്ജയും കൂടാതെ അവർ കുളിക്കുമായിരുന്നു. ആർത്തിയോടും വിവേചനരഹിതമായും ഉള്ള സംഭോഗം സർവ്വസാധാരണമായിരുന്നു. അത്യാവശ്യമായ ജോലിക്കാര്യങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ അവർ ഞങ്ങളെ നോക്കി ചിരിക്കുമായിരുന്നു.'' ഇത്തരത്തിലുള്ള ജനങ്ങളെ സന്ധിക്കുക എന്നത് ജോൺ വില്ല്യംസിനെ സംബന്ധിച്ചിടത്തോളം ഒരു വെല്ലുവിളി തന്നെയായിരുന്നു. ജനങ്ങളുടെ സംസ്കാരം മാറ്റുന്നതിലാണ് അദ്ദേഹം ആദ്യം ശ്രദ്ധിച്ചത്. ചെറിയ വീടുകൾ നിർമ്മിക്കുന്നതിനും കുടിൽ വ്യവസായങ്ങളിൽ പങ്കുചേരുന്നതിനും അദ്ദേഹം അവരെ പരിശീലിപ്പിച്ചു.

സാംസ്കാരിക പ്രവർത്തനങ്ങളോടൊപ്പം വ്യക്തിപരമായ സുവിശേഷീകരണം, ഞായറാഴ്ചകളിലും മറ്റു ദിവസങ്ങളിലുമുള്ള ആരാധന എന്നിവയ്ക്ക് അദ്ദേഹം സമയം കണ്ടെത്തി. തദ്ദേശീയരെ സുവിശേഷീകരണത്തിന് സജ്ജരാക്കുക എന്നത് അദ്ദേഹത്തിന്റെ സവിശേഷതയായിരുന്നു. ചെറിയ ജനസംഖ്യയുള്ള ഉപദ്വീപുകളിൽ നിന്ന് മറ്റൊന്നിലേക്ക് സഞ്ചരിക്കാൻ വില്ല്യംസിനും മറ്റു മിഷനറിമാർക്കും ഒരു കൊച്ചുകപ്പൽ ഉപയുക്തമായി. വില്ല്യംസിന്റെ വിശാലമായ പ്രവർത്തനങ്ങളെ വ്യാപാരകാര്യങ്ങളിൽ ഇടപെടുന്നു എന്ന കാരണത്താൽ മിഷൻ ഡയറക്ടർ പരസ്യമായി വിമർശിച്ചിട്ടുണ്ട്. അത് സാമ്പത്തിക പ്രതിസന്ധിയിലേക്കാണ് വില്ല്യംസിനെ നയിച്ചത്. ഐലന്റുകളിലൂടെ

സ്വതന്ത്രമായി യാത്ര ചെയ്യുന്നതിന് ആവശ്യമായ സൗകര്യം നഷ്ടമായപ്പോൾ സ്വന്തം ദ്വീപിലെ ജനങ്ങളിൽ ശ്രദ്ധാകേന്ദ്രീകരിക്കാനും ബൈബിൾ പരിഭാഷപ്പെടുത്തുവാനും അദ്ദേഹം ശ്രമിച്ചു. അതിനുശേഷം മെസഞ്ചർ ഓഫ് പീസ് എന്ന കപ്പലുണ്ടാക്കി. മിഷനറിമാരൊടൊപ്പം പൊളിനേഷ്യൻ മിനിസ്ട്രിക്ക് അദ്ദേഹം തയ്യാറായി.

പക്ഷെ ജോൺ വില്ല്യംസിന്റെ പ്രവർത്തനങ്ങൾ ഡയറക്ടറെ വീണ്ടും കുഴപ്പത്തിലാക്കി. ഇതിൽ വില്ല്യംസിനെ കുറ്റപ്പെടുത്താനാവില്ല. കാരണം, വിശാലമായ മാധ്യമങ്ങളിലൂടെ മാത്രമേ തന്റെ ദൗത്യം അദ്ദേഹത്തിന് പൂർത്തീകരിക്കുവാൻ കഴിയുമായിരുന്നുള്ളു. സുവിശേഷീകരണത്തിനുവേണ്ടിയുള്ള കത്തിയെരിയുന്ന മനസ്സാണ് വില്ല്യംസിന് ഉണ്ടായിരുന്നത്. ആരോഗ്യം ക്ഷീണിച്ചപ്പോഴും ഭാര്യ ബലഹീനയായപ്പോഴും ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കുവാൻ അദ്ദേഹം തയ്യാറായില്ല. പത്ത് മക്കളിൽ എട്ടുപേരും ചെറുപ്പത്തിൽ തന്നെ മരിച്ചു.

1834 ആയപ്പോഴേക്കും രണ്ടായിരം മൈൽ ചുറ്റളവിൽ എല്ലാ ദ്വീപുകളും അദ്ദേഹം സന്ദർശിച്ച് കഴിഞ്ഞിരുന്നു. അതേ വർഷംതന്നെ ഇംഗ്ലണ്ടിലേക്ക് അദ്ദേഹം യാത്ര ചെയ്തപ്പോൾ കാന്റർബറിയിലെ ആർച്ച് ബിഷപ്പിൽ നിന്നും മറ്റും ആവേശകരമായ സ്വീകരണമാണ് അദ്ദേഹത്തിന് ലഭിച്ചത്. "അപ്പൊസ്തല പ്രവർത്തികളോടൊപ്പം ഒരു അദ്ധ്യായം കൂടി കൂട്ടിച്ചേർക്കപ്പെട്ടു" എന്നാണ് ബിഷപ്പ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ വിശേഷിപ്പിച്ചത്.

ജോൺ വില്ല്യംസിന്റെ പ്രവർത്തനങ്ങൾക്ക് ഭീമമായ സാമ്പത്തിക പിന്തുണ ഇംഗ്ലണ്ടിൽ നിന്നും ലഭിച്ചു. ഈ പ്രാവശ്യം ഡയറക്ടർ അദ്ദേഹത്തെ അഭിനന്ദിക്കുക മാത്രമാണ് ചെയ്തത്. പസഫിക്ക് ദ്വീപിലെ വിശാല പ്രവർത്തനങ്ങൾക്ക് ഉപയുക്തമാകും വിധം 'മെസഞ്ചർ ഓഫ് പീസി'നെക്കാൾ ഇരട്ടി വലിപ്പമുള്ള കാംഡെൻ കപ്പൽ വാങ്ങുവാൻ സഹായം ഉപയുക്തമായി. പസഫിക്കിൽ തിരിച്ചെത്തിയ വില്ല്യംസ് സുവിശേഷമുന്നേറ്റത്തിൽ ഒരു കുതിപ്പ് തന്നെ നടത്തി. പക്ഷെ, മിഷനറിമാരുടെ ഇടയിലും ഐലന്റിലും പ്രശ്നങ്ങൾ വർദ്ധിക്കുകയായിരുന്നു. എങ്കിലും അതിനെ അതിജീവിക്കുവാൻ അദ്ദേഹം തയ്യാറായി.

ഭാര്യ തടസ്സം നിന്നെങ്കിലും മറ്റൊരു സുവിശേഷ മുന്നേറ്റത്തിന് അദ്ദേഹം തയ്യാറായി. 1839 നവംബർ ആദ്യം ഭാര്യയോടും കുടുംബാംഗങ്ങളോടും വിടപറഞ്ഞ് സ്വദേശീയരായ മിഷനറിമാരോടൊപ്പം ഇറോമാംഗോ ദ്വീപിലേക്ക് കാംഡെനിൽ യാത്രയായി. രണ്ടാഴ്ചത്തെ യാത്രയ്ക്ക്ശേഷം കപ്പൽ ഇറോമാംഗോയിലെത്തി. തീരത്ത് തിങ്ങിക്കൂടിയ തദ്ദേശീയർ, ചെറിയ വള്ളത്തിൽ തീരത്തേക്ക് അടുക്കുകയായിരുന്ന സന്ദർശകരിൽ നിന്നും സമ്മാനങ്ങൾ വാങ്ങിക്കുവാൻ തിരക്കുകൂട്ടി. ആദ്യകൂടിക്കാഴ്ചയ്ക്ക് ശേഷം ജോൺ വില്ല്യംസും രണ്ട് യൂറോപ്യൻ മിഷനറിമാരും തദ്ദേശീയരോടൊപ്പം തീരത്തു കൂടെ നടക്കുകയായിരുന്നു.

പെട്ടെന്ന്, യാതൊരു പ്രകോപനവും കൂടാതെ ആക്രമണം ഉണ്ടായി. വില്ല്യംസിന് രക്ഷപ്പെടുന്നതിനുള്ള അവസരം ഉണ്ടായിരുന്നു. എന്നാൽ തന്റെ ശ്രമം ഫലിച്ചില്ല. അദ്ദേഹം, തന്നെ അക്രമിച്ചവരുടെ കൈകളിൽപ്പെട്ട് കൊല്ലപ്പെടുകയായിരുന്നു. മിഷനറിമാരിൽ ഒരാൾ ഒരു വള്ളത്തിന്റെ സഹായത്തോടെ കാംഡെനിൽ തദ്ദേശീയരിൽ ചിലരോടൊപ്പം കയറിപ്പറ്റി. തീരത്ത് നിന്ന് തങ്ങളുടെ സുഹൃത്തുക്കളുടെ മൃതശരീരങ്ങൾ വീണ്ടെടുക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും അതിന് സാധിക്കാതെ സിഡ്നിയിലേക്ക് സഹായത്തിനായി മടങ്ങേണ്ടിവന്നു. രണ്ടുമാസത്തിനു ശേഷം തിരിച്ചുവന്നപ്പോൾ ജോൺ വില്ല്യംസിന്റെയും കൂടെയുള്ളവരുടെയും എല്ലുകൾ അവർക്ക് ലഭിച്ചു. മിഷനറിമാരുടെ മാംസം അവിടുത്തുകാർ ഭക്ഷിക്കുകയായിരുന്നു.

## പ്രകാശധാര

ജോൺ വില്ല്യംസിന് അപകടം മണത്തറിഞ്ഞ് രക്ഷപ്പെടാമായിരുന്നു എന്ന് അദ്ദേഹത്തിന്റെ സുഹൃത്തുക്കളിൽ ചിലർ കരുതുന്നു. രണ്ട് കാരണങ്ങളാണ് അവർ പറയുന്നത്. ഒന്ന്, യൂറോപ്യരെ വെറുത്തിരുന്ന തദ്ദേശീയരുടെ ഇടയിലേക്ക് സ്വദേശീയരായ മിഷനറിമാരെതന്നെ വില്ല്യംസിന് വിടാമായിരുന്നു. രണ്ട്, സ്ത്രീകളുടെ സാന്നിദ്ധ്യം ഇല്ലാത്ത തദ്ദേശീയരുടെ കൂട്ടം അപകട സൂചന വിളിച്ചറിയിക്കുന്നതായിരുന്നു. അതും വില്ല്യംസിന് ഒഴിവാക്കാമായിരുന്നില്ലേ? പക്ഷെ, മുൻകരുതലുകളെ അവഗണിക്കുന്ന ഒരു സുവിശേഷ ആത്മാവാണ് ജോൺ വില്ല്യംസിനെ ഭരിച്ചിരുന്നത്. പ്രത്യേകിച്ച് ഇംഗ്ലണ്ടിൽ തനിക്ക് ലഭിച്ച സ്വീകരണം അതിന് ആക്കം കൂട്ടിയിരുന്നു. സ്വദേശീയരെ സുവിശേഷപ്രവർത്തനങ്ങളിൽ പങ്കാളികളാക്കി എന്നത് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ സവിശേഷതയായിരുന്നു. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വമരണം അവിടുത്തെ പ്രവർത്തനങ്ങളെ തളർത്തുകയല്ല, വളർത്തുകയാണ് ചെയ്തത്.

"ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്‌വിൻ;
ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം." 1 Thess. 5:17

## പ്രാർത്ഥനയ്ക്ക്

1. ബഹറിന്റെ ഭരണാധികാരികൾക്കും ജനങ്ങൾക്കും സുരക്ഷയ്ക്കും വേണ്ടി
2. ഭാരതത്തിലെ ഭരണാധികാരികൾക്കും, ജനങ്ങൾക്കും, 29 സ്റ്റേറ്റുകളിൽ വിവിധ നിലകളിൽ സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുമായി.
3. നമ്മുടെ കേരളത്തിലെ 14 ജില്ലകൾക്കായും അവിടുത്തെ സുവിശേഷപ്രവർത്തനങ്ങൾക്കുമായി
4. സുവിശേഷം നിമിത്തം തടവറയിൽ ആയിരിക്കുന്ന മിഷനറിമാർക്കായും അവരുടെ കുടുംബത്തിനായും
5. ഒരു ആത്മീയ ഉണർവ്വ് ഉണ്ടാകുവാനും എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെടുവാനും,
7. സുവിശേഷ പ്രവർത്തനങ്ങൾക്കായി സഭയിൽ നിന്നു പോയ എല്ലാവരേയും ഓർത്ത് പ്രാർത്ഥിക്കുക
8. PMBB യുടെ പ്രവർത്തനങ്ങൾക്കായും അതിന് ചുമതല വഹിക്കുന്ന എല്ലാ ശുശ്രൂഷകൻമാർക്കായും
9. വാർദ്ധക്യത്തിലായിരിക്കുന്ന മാതാപിതാക്കൾ, രോഗികളായി ആശുപത്രികളിലായിരിക്കുന്നവർ എന്നിവർക്കായി
10. For all those who are planning to get married so that they find the right partner
11. For those who are seeking for a job and looking for a promotion in their current jobs
12. For those who are under pressure on thier job and facing visa and other problems
13. For our youngsters studying in Schools & Professional Colleges in and out of Bahrain
14. Pray for Pastor V P Philip and family and his ministry
    Pr. M J David and family | Pr. Jaison and family
    Elders: Madhusoodhan and family | George Mathew and family
    Manoj and family.
15. For Church Council, Office-bearers, Church Choir, Sunday School, PYPA, and Sisters Fellowship.
16. For all who is unwell and need our prayers:
    *Sis. Lillykutty Andrews *Br. Cherian Mathews *Br. Shiju Samuel
    *Sis. Mini Ponnachan *Br. Sterin *Mother of Bindhu Dhaneesh
    *Mother of Silu Lovinson *Sis. Sanju *Sis. Sheeba (USA) *Br. Pradeep (TVM)
    *Mother of Tino Kuriakose *Br. Jose Kalayapuram *Sis. Manju
    *Sis Alphonse *Sis. Leelamma
17. Family way - Sis. Jeslin, Sis. Laya Ron
18. For those who have decided to take Baptism.
19. For all other unspoken prayer requests.

## സ്തോത്രത്തിന്


## DECEMBER

### BIRTHDAYS

Dec-03 Sharon Joseph
Dec-04 Noel Philip
Dec-05 Mariam Sam
Dec-07 Yehezkiel Rejoy Philip
Dec-08 Naithan Josh Jimson
Dec-08 Jewel Mariam John
Dec-09 Sarah Rejoy
Dec-12 Reuben Iype
Dec-15 Jeslin Akil
Dec-17 Jobin Abraham Thomas
Dec-18 Jaison Mathew
Dec-18 Beryl Elsa Tino
Dec-23 Emmanuel David
Dec-26 Mathew George (Saju)
Dec-27 Felix Siju Joshwa

### WEDDING ANNIVERSARY

| | |
|---|---|
| Dec-13 | Philip Koshy & Neena Philip |
| Dec-17 | Selvin Lazar & Shiji Selvin |
| Dec-24 | Siju Joshwa & Alphy Siju |
| Dec-30 | Thomas Chacko & Bilsy Thomas |
| Dec-31 | Shajan Mathew & Mercy Shajan |













# Get-Together 2024

## UPCOMING EVENTS

| NO. | EVENT | DATE | DAY |
|---|---|---|---|
| 1. | PYPA REGION TALENT TEST | 16th December | MONDAY |
| 2. | FELLOWSHIP | 17th December | TUESDAY |
| 3. | BAPTISM | 20th December | FRIDAY |
| 4. | ANNUAL GENERAL BODY | 26th December | THURSDAY |
| 5. | WATCH-NIGHT SERVICE | 31st December | TUESDAY |
| 6. | NEW YEAR HOUSE VISIT | 1st January | WEDNESDAY |

Please send your prayer requests, articles & feedback to
**Pr. V.P Philip @ 33348997 | Br. John Mathew @ 33246800**
**or ipcbahrainchurch@gmail.com**
ipcbahrain www.ipcbahrain.org
(For private circulation among church members only)